**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4103** **17-03-2025 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുനിസിപ്പൽ കോമൺ സർവീസിൽ ജോലി നോക്കിയിരുന്നതും തദ്ദേശ സ്വയംഭരണ വകുപ്പ് പൊതു സർവീസിന്റെ ഭാഗമായി തനതു ഫണ്ട് ഇല്ലാത്ത സ്ഥാപനങ്ങളിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ ഒഴികെയുള്ള) സ്ഥലം മാറ്റം ലഭിച്ച് അവിടെ നിന്നും വിരമിച്ചവർക്ക് പത്തു മാസത്തിലേറെ കഴിഞ്ഞിട്ടും പെൻഷനോ പെൻഷൻ ആനുകൂല്യങ്ങളോ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിനായി ക്രോസ്സ് മാപ്പിങ് വഴി ശീർഷകം അനുവദിച്ച് ബജറ്റിൽ നടപ്പുവർഷം ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മറ്റു സർവീസുകളിൽ നിന്നും സർക്കാർ സർവീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ വിഹിതം കണ്ടെത്തുന്ന ആവശ്യത്തിലേക്ക് ക്രോസ് മാപ്പിംഗ് വഴി ശീർഷകം അനുവദിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവിന്റെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 05/02/2025 ലെ കത്ത് പ്രകാരം മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിന് 2023-2024 സാമ്പത്തിക വർഷം ₹ 2,14,44,595/- (രണ്ട് കോടി പതിനാല്ല ലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപയും 2024-2025 സാമ്പത്തിക വർഷം ₹ 2,74,48,000/- (രണ്ട് കോടി എഴുപത്തി നാല് ലക്ഷത്തി നാല്പത്തി എണ്ണായിരം) രൂപയും വേണ്ടി വരുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധനയിലാണ്. |
| (ബി) | ധനകാര്യ(പെൻഷൻ-ബി) വകുപ്പിന്റെ 25/02/2025-ലെ പെൻ-ബി 1/21/2025-ധന(ഇ -3055559) നമ്പർ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 18/05/2023-ൽ നടന്ന യോഗ തീരുമാനത്തിനനുസരിച്ച് നൽകിയ നിർദ്ദേശം അടങ്ങിയ കത്തിന്റെ നമ്പർ, തീയതി എന്നിവ അറിയിക്കാമോ; | (ബി) | ധനകാര്യ(പെൻഷൻ-ബി) വകുപ്പിന്റെ 25/02/2025-ലെ പെൻ-ബി 1/21/2025-ധന(ഇ -3055559) നമ്പർ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 18/05/2023-ൽ നടന്ന യോഗ തീരുമാനത്തിനനുസരിച്ച് നൽകിയ നിർദ്ദേശം അടങ്ങിയ കത്തിന്റെ നമ്പർ: പെൻ-ബി5/33/2023-ധന(ഇ-2424027) തീയതി 19/05/2023 ആണ്. |
| (സി) | മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും തനതുഫണ്ട് ഇല്ലാത്ത വകുപ്പുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, നിർദ്ദേശപ്രകാരം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ അടയ്ക്കാനായി ഏത് ബജറ്റ് ഹെഡിൽ നിന്നാണ് തുക പിൻവലിക്കേണ്ടതെന്ന് അറിയിക്കാമോ? | (സി) | 15/06/2023 ലെ സർക്കുലർ നമ്പർ56/2023/ധന പ്രകാരം മറ്റ് സർവീസുകളിൽ നിന്നും സർക്കാർ സർവീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ വിഹിതം 2071-01-107-95(N-V) എന്ന ശീർഷകത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ക്രോസ് മാപ്പിംഗ് വഴി ശീർഷകം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ